**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 868** **14-01-2021 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണമടയുന്ന വനം വകുപ്പിലെ സ്ഥിരം ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. വനം വകുപ്പിലെ സ്ഥിരം ജീവനക്കാർക്ക് ആക്സിഡന്റ് പരിരക്ഷ നൽകുന്നതിനായി യൂണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ വനം വകുപ്പിലെ 5183 സംരക്ഷണ വിഭാഗം ജീവനക്കാർക്ക് രണ്ട് ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ യുള്ള പോളിസി എടുത്തിട്ടുണ്ട്. 50,000/- രൂപയുടെ ചികിത്സാ ചെലവുകളും എർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ സർക്കാർ ജീവനക്കാർക്കും ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ എത്ര വനം വകുപ്പ് ജിവനക്കാർക്ക് ജീവഹാനി സംഭവിച്ചു; അതിൽ സ്ഥിരം/താല്ക്കാലിക ജീവനക്കാരെത്ര എന്നറിയിക്കാമോ ; | (ബി) | വനം വകുപ്പിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ അഞ്ച് സ്ഥിരം ജീവനക്കാർക്കും, മൂന്ന് താൽക്കാലിക ജീവനക്കാർക്കും ജീവഹാനി സംഭവിച്ചിട്ടുണ്ട്. |
| (സി) | ക്ലേശകരമായ സാഹചര്യത്തിലും, അപകട സാധ്യത കൂടിയ വനം സംരക്ഷണ പ്രവത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വനം വകുപ്പിലെ താല്ക്കാലിക ജീവനക്കാർക്ക് ജീവഹാനി സംഭവിച്ചാൽ അവർക്ക് യാതൊരു സംരക്ഷണവും ലഭിക്കാത്ത സാഹചര്യമുണ്ടോ ; | (സി) | താൽക്കാലിക വാച്ചർമാർക്കായി യൂണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി മുഖാന്തിരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ജോലിക്കിടയിൽ അപകടമരണം സംഭവിക്കുകയാണെങ്കിൽ 2,00,000/- രൂപയും പരിക്കേൽക്കുകയാണെങ്കിൽ 50,000/- രൂപയും വരെ ലഭിക്കുന്ന വിധത്തിലാണ് പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | എങ്കിൽ താല്ക്കാലിക ജിവനക്കാർക്ക് കൂടി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | മേൽ ഇൻഷ്വറൻസ് പരിരക്ഷ 2021 വർഷം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ